## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **515**  **06.02.2013**- ലെ മറുപടിക്ക്

### സഹകരണമേഖലയിൽ ക്ലിനിക്കൽ ലബോറട്ടറികളും ഡയാലിസിസ് യൂണിറ്റുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 2012-13 സാമ്പത്തിക വർഷം സഹകരണമേഖലയിൽ പുതുതായി എത്ര ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിച്ചു ; വിശദമാക്കാമോ ; | (എ) 8 ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിച്ചു. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) 2012-13 സാമ്പത്തികവർഷത്തിൽ സഹകരണമേഖലയിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിച്ചു ; വിശദാംശം നൽകുമോ ; | (ബി) കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയ്ക്ക് കീഴിൽ 5 ബെഡുള്ള ഡയാലിസിസ് സെന്ററും, കാലിക്കട്ട് സിറ്റി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ 6 ബെഡുള്ള ഡയാലിസിസ് സെന്ററും, വടകര സഹകരണ ആശുപത്രിയുടെ കീഴിൽ ഒരു ഡയാലിസ് സെന്ററും സ്ഥാപിച്ചിട്ടുണ്ട്. |
| (സി) സഹകരണസംഘങ്ങൾക്ക് കീഴിൽ ഒരോ ബ്ലോക്കിലും ഓരോ കർഷകസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര കർഷകസേവനകേന്ദ്രങ്ങൾ ഏതെല്ലാം ബ്ലോക്കുകളിൽസ്ഥാപിച്ചുവെന്ന് അറിയിക്കുമോ ; | (സി) സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിൽ 40 കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഡി) കർഷകസേവനകേന്ദ്രങ്ങൾ സ്ഥാപിക്കുന്ന തിനായി ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു ; ഇതിൽ എന്ത് തുക ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) 2012-13 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 40 കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി 10 കോടി രൂപ ചെല വഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) കർഷകസേവനകേന്ദ്രങ്ങൾ മുഖാന്തിരം എന്തെല്ലാം സേവന പ്രവർത്തനങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് വിശദമാക്കുമോ ?

(ഇ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേൻമയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷിക ഉപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക രീതിയിൽ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് കർഷകർക്ക് പരിശീലനവും നിർദ്ദേശവും നൽകുക, കാർഷിക വിളകളുടെ വിൽപന നടത്തുന്നതിന് മികച്ച സംവിധാനം ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഏജൻസിയായി പ്രവർത്തിക്കുക തുടങ്ങിയവയാണ് കർഷക സേവന കേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ജില്ല | ക്ലിനിക്കൽ ലാബ് സ്ഥാപിച്ചിട്ടുള്ള സ്ഥാപനത്തിന്റെ പേര് |
|---|---|
| തിരുവനന്തപുരം-1 | വട്ടിയൂർക്കാവ് സർവ്വീസ് സഹകരണ ബാങ്ക്. |
| കോട്ടയം-2 | 1. കീഴ്തടിയൂർ സർവ്വീസ് സഹകരണ ബാങ്ക്<br><br>2. ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് |
| തൃശ്ശൂർ -2 | 1.കുട്ടനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്<br><br>2. പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്ക് |
| കോഴിക്കോട് -3 | 1.ഹെൽത്ത് അമിനിറ്റീസ് മൾട്ടിപർപ്പസ് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - 2 ക്ലിനിക്കൽ ലാബ് സ്ഥാപിച്ചിട്ടുണ്ട്.<br><br>2. കുറ്റ്യാടി സഹകരണ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ -1 |

Section officer